# Deepika

## 24 August 2018

## Thiruvananthapuram: After Flood



# നയം മാറ്റി യുഎഇയുടെ ധനസഹായം സ്വീകരിക്കണം

## ഉമ്മൻ ചാണ്ടി പ്രധാനമന്ത്രിക്കു കത്തയച്ചു

**തിരുവനന്തപുരം:** നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിൽപ്പെട്ട കേരളത്തിന് യുഎഇ ഭരണാധികാരി ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ പ്രഖ്യാപിച്ച 700 കോടി രൂപയുടെ സഹായം നിഷേധിക്കുന്ന കേന്ദ്രസമീപനം തികച്ചും നിരാശാജനകമെന്നു ചൂണ്ടിക്കാട്ടി കോൺഗ്രസ് പ്രവർത്തക സമിതിയംഗം ഉമ്മൻ ചാണ്ടി പ്രധാനമന്ത്രിക്കു കത്തയച്ചു. മനുഷ്യരുടെ ദുരിതങ്ങൾ അകറ്റാനായിരിക്കണം നയങ്ങളെന്നും വിദേശസഹായം സ്വീകരിക്കുന്നതിനു തടസം ഉണ്ടെങ്കിൽ അതു ഗൗരവത്തോടെ കണ്ട് മാറ്റം വരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേരളത്തിലേത് ഗുരുതരമായ പ്രളയമാണെന്നു പ്രധാനമന്ത്രി തന്നെ അംഗീകരിച്ചിട്ടുണ്ട്.

അതുകൊണ്ട് ഇതു ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം. പുനരധിവാസ പ്രവർത്തനത്തിന് ഇതിലൂടെ വലിയ തോതിൽ സഹായം ലഭിക്കും. പ്രധാനമന്ത്രി കേരളം സന്ദർശിച്ച് പ്രളയക്കെടുതിയുടെ വ്യാപ്തി നേരിൽ കണ്ടതാണ്. എന്നിട്ടും പ്രഖ്യാപിച്ച കേന്ദ്ര ധനസഹായം തീരെ കുറഞ്ഞു പോയി. കേരളത്തിനുണ്ടായ നഷ്ടത്തിന് ആനുപാതികമായ ധനസഹായം നല്കണമെന്നും ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു.